## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T4527 22.07.2015 ന് മറുപടിയ്ക്ക്

### കേന്ദ്ര വനാവകാശ നിയമം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) | വനഭൂമിയിൽ ആദിവാസി വിഭാഗങ്ങൾക്ക് കൂടുതൽ അധികാരം നൽകുന്ന കേന്ദ്ര വനാവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | കേന്ദ്ര വനാവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. വനാവകാശ നിയമം നടപ്പാക്കുന്നതിനായി ഗ്രാമതലത്തിൽ ഊരുകൂട്ടങ്ങളും (വനാവകാശ കമ്മിറ്റി), സബ് ഡിവിഷൻതല കമ്മിറ്റി, ജില്ലാ തല കമ്മിറ്റി എന്നിവയും രൂപീകരിച്ച് നടപടി നടത്തി വരുന്നു. നിലവിൽ വനാവകാശ കമ്മിറ്റികൾക്ക് ഭൂമിയിന്മേലുള്ള വ്യക്തിഗത അവകാശത്തിനു ലഭിച്ച 35025 അപേക്ഷകളിൽ ഗ്രാമസഭ പാസ്സാക്കിയ 31269 എണ്ണത്തിൽ 24621 അപേക്ഷകർക്ക് റൈറ്റിലുകൾ നല്കി കഴിഞ്ഞു. സബ് ഡിവിഷണൽ കമ്മിറ്റികളും, ജില്ലാതല കമ്മിറ്റികളും തള്ളികളഞ്ഞ 3730 അപേക്ഷകൾ കഴിഞ്ഞാൽ ഇനിയും നടപടി എടുക്കേണ്ടത് 2918 അപേക്ഷകളിലാണ്. സാമൂഹിക ആവശ്യങ്ങൾക്കായി ലഭിച്ചവയിൽ ഗ്രാമസഭ പാസ്സാക്കിയ 441 അപേക്ഷകളിൽ 121 എണ്ണത്തിന് അവകാശ രേഖകൾ നൽകി. ഊരുകളിലെ വികസനാവശ്യത്തിന് ഗ്രാമസഭ പാസ്സാക്കി വനം വകുപ്പിൽ ലഭിച്ച 560 അപേക്ഷകളിൽ 450 എണ്ണത്തിൽ 201.46 ഏക്കർ വനഭൂമി അനുവദിച്ചു നൽകിയിട്ടുണ്ട്. |
| (ബി) | കാസർഗോഡ് ജില്ലയിൽ പ്രസ്തുത കേന്ദ്രനിയമ പ്രകാരം ഏതൊക്കെ പ്രദേശങ്ങളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) | കാസർഗോഡ് ജില്ലയിൽ വനത്തിനുള്ളിൽ ആദിവാസി സെറ്റിൽമെന്റുകൾ നിലവിലില്ല. അതിനാൽ വനാവകാശ നിയമം നടപ്പിലാക്കുവാൻ പര്യാപ്തമായ പ്രദേശങ്ങൾ ഇല്ല. |

Adittyab

സെക്ഷൻ ഓഫീസർ